**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1665** **13-02-2025 - ൽ മറുപടിയ്ക്ക്**

**എറണാകുളം മഹാരാജാസ് കോളേജിലെ ഭരണസമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ നിയന്ത്രണത്തിലുള്ള സ്വയംഭരണ കോളേജ് ആയ എറണാകുളം മഹാരാജാസ് കോളേജിലെ നിലവിലെ ഭരണസമിതിയുടെ ഘടന വിശദമാക്കുമോ; | (എ) | മഹാരാജാസ് കോളേജിലെ നിലവിലെ ഭരണസമിതിയുടെ ഘടന താഴെ നൽകുന്നു.<br>1.ചെയർമാൻ- കോളേജിയേറ്റ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ (റിട്ട)<br>2. മെമ്പർ സെക്രട്ടറി - പ്രിൻസിപ്പൽ, മഹാരാജാസ് കോളേജ്<br>3. മെമ്പർമാർ (8 പേർ)<br>1. ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി<br>2. എം.ജി സർവ്വകലാശാല പ്രതിനിധി<br>3. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, മഹാരാജാസ് കോളേജ്<br>4. മഹാരാജാസ് കോളേജിലെ അസ്സോസ്സിയേറ്റ് പ്രൊഫസർമാർ (5 പേർ) |
| (ബി) | പ്രസ്തുത ഭരണസമിതിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | University Grants Commission (Conferment of Autonomous Status upon Colleges and Measures for Maintenance of Standards in Autonomous Colleges) Regulations- നും സർക്കാരിന്റെ അതത് കാലത്തെ നിയമങ്ങൾക്കും അനുസരിച്ചുള്ള അധികാരങ്ങളും കർത്തവ്യങ്ങളുമാണ് ഉള്ളത്. |
| (സി) | സർക്കാർ നേരിട്ട് നൽകുന്ന ഗ്രാന്റിന് പുറമേ നിയമസഭ അംഗങ്ങളുടെ വിഹിതത്തിൽ നിന്നോ പാർലമെന്റ് അംഗങ്ങളുടെ വിഹിതത്തിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ സംഘടനകളിൽ നിന്നോ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്കായി എറണാകുളം മഹാരാജാസ് കോളേജിന് ഫണ്ട് ലഭിച്ചിട്ടുണ്ടോയെന്ന് | (സി) | നിലവിൽ ഫണ്ട് ഒന്നും ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | അറിയിക്കുമോ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രവർത്തനങ്ങൾക്കായി എവിടെനിന്ന് എത്ര രൂപ വീതം ലഭിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകുമോ; ടി പ്രവർത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | | |
| (ഡി) | എറണാകുളം മഹാരാജാസ് കോളേജ് ഭരണസമിതിയിൽ സ്ഥലത്തെ പ്രതിനിധീകരിക്കുന്ന നിയമസഭ സാമാജികനെയോ പാർലമെൻറ് അംഗത്തെയോ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | 2023-ലെ യുജിസി (കോളേജുകൾക്ക് സ്വയംഭരണ പദവി നൽകലും സ്വയംഭരണ കോളേജുകളുടെ നിലവാര പരിപാലനവും) റഗുലേഷനുകളിലെ റഗുലേഷൻ 12.3 B പ്രകാരം ഭരണസമിതിയിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ നിലവിലില്ല. |

സെക്ഷൻ ഓഫീസർ